# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഐക്കരനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ .ഇ കെ എം (പി 1) 1954/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 29/06/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഐക്കരനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഐക്കരനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഐക്കരനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ .ഇ കെ എം (പി 1) 1954/21 തീയ്യതി: 29/06/2022

# എറണാകുളം ജില്ലയിലെ ഐക്കരനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ഐക്കരനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 02-04-2020 മുതൽ 21-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഷാജിമോൻ കെ.എ | ഡെപ്യൂട്ടി ഡയറക്ടർ | 22-12-2021 | 31-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-12-2021 | 31-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി റസിയബീവി ജെ., ഓഡിറ്റ് ഓഫീസർ
ശ്രീ. റഷീദ് സി.എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സ്വപ്ന വി. ഓഡിറ്റർ
ശ്രീ. മുഹമ്മദ് ഷാഫി വി.എം., ഓഡിറ്റർ
ശ്രീ. നബീൽ മുഹമ്മദ് അബ്ബാസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. കെ.രാജു | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | സെക്രട്ടറി | 12-11-2020 | 29-12-2020 |
| ശ്രീമതി ഡീന ദീപക് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീമതി ജാനറ്റ് പോൾ | സെക്രട്ടറി | 01-04-2020 | 30-11-2020 |
| ശ്രീ.അബ്ദുൾ ലത്തീഫ് പി.എം. | സെക്രട്ടറി-**ഇൻ**-ചാർജ്ജ് | 01-12-2020 | 17-12-2020 |
| ശ്രീമതി ജയലക്ഷ്മി എ. | സെക്രട്ടറി | 18-12-2020 | 01-03-2021 |
| ശ്രീമതി രശ്മി എസ്. | സെക്രട്ടറി | 02-03-2021 | 31-03-2021 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ അബ്ദുൾലത്തീഫ് പി എം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ അജയകുമാർ എ വി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി അഞ്ജു പോൾ | കൃഷി ഓഫീസർ | 01-04-2020 | 10-03-2021 |
| ഒഴിവ് | കൃഷി ഓഫീസർ | 11-03-2021 | 11-03-2021 |
| ശ്രീമതി മീര റ്റി എം | കൃഷി ഓഫീസർ | 12-03-2021 | 31-03-2021 |
| ഡോ. സിമലു പി ജോർജ്ജ് | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ. ജോബി വർഗീസ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 07-02-2021 |
| ഡോ സലിം പി ആർ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 08-02-2021 | 31-03-2021 |
| ശ്രീമതി വന്ദന വി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ ഐ വി ഐസക് | വി ഇ ഒ കോലഞ്ചേരി | 01-04-2020 | 31-03-2021 |
| ശ്രീ അനൂപ് പോൾ | വി ഇ ഒ കടയിരുപ്പ് | 01-04-2020 | 31-03-2021 |
| ഡോ. അനീഷ് ബേബി | മെഡിക്കൽ ഓഫീസർ, (സി.എച്ച്.സി.) | 01-04-2020 | 31-03-2021 |
| ഡോ. ലെന മേരി വർഗീസ് | മെഡിക്കൽ ഓഫീസർ, (ഹോമിയോ) | 01-04-2020 | 31-03-2021 |
| ശ്രീമതി ശ്രീലത വി സി | ഡയറി എക്സ്റ്റൻഷൻ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ശ്രീ സ്ലീബ പി എം | ഹെഡ് മാസ്റ്റർ, ഗവ.യു.പി.എസ് കടമറ്റം | 01-04-2020 | 31-03-2021 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: C.M.Rasheed (Asst. Audit Officer, On 30-12-2021)<br>Last Updated By: Joby George (Computer Assistant, On 14-06-2022) | 1-1 |
| 2 | വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല<br>Written By: C.M.Rasheed (Asst. Audit Officer, On 30-12-2021)<br>Last Updated By: Joby George (Computer Assistant, On 14-06-2022) | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക<br>Written By: C.M.Rasheed (Asst. Audit Officer, On 30-12-2021)<br>Last Updated By: Joby George (Computer Assistant, On 28-06-2022) | 1-2 |
| 4 | സാമ്പത്തിക വിശകലനം<br>Written By: C.M.Rasheed (Asst. Audit Officer, On 30-12-2021)<br>Last Updated By: Joby George (Computer Assistant, On 28-06-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: C.M.Rasheed (Asst. Audit Officer, On 30-12-2021)<br>Last Updated By: Joby George (Computer Assistant, On 28-06-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: C.M.Rasheed (Asst. Audit Officer, On 30-12-2021)<br>Last Updated By: C.M.Rasheed (Asst. Audit Officer, On 28-06-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: C.M.Rasheed (Asst. Audit Officer, On 30-12-2021)<br>Last Updated By: Joby George (Computer Assistant, On 14-06-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: C.M.Rasheed (Asst. Audit Officer, On 30-12-2021)<br>Last Updated By: Joby George (Computer Assistant, On 14-06-2022) | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: C.M.Rasheed (Asst. Audit Officer, On 30-12-2021)<br>Last Updated By: Joby George (Computer Assistant, On 14-06-2022) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: C.M.Rasheed (Asst. Audit Officer, On 30-12-2021)<br>Last Updated By: Joby George (Computer Assistant, On 28-06-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: C.M.Rasheed (Asst. Audit Officer, On 30-12-2021)<br>Last Updated By: Joby George (Computer Assistant, On 28-06-2022) | 1-10 |
| 12 | ഓഡിറ്റ് ഇംപാക്ട്<br>Written By: Nabeel Muhammad Abbas (Auditor, On 31-12-2021)<br>Last Updated By: Joby George (Computer Assistant, On 28-06-2022) | 1- 11 |
| 13 | ദുരിതാശ്വാസനിധി<br>Written By: Ressiya Beevi J (Audit Officer, On 02-01-2022)<br>Last Updated By: Joby George (Computer Assistant, On 14-06-2022) | 1-12 |
| 14 | ദുരന്ത നിവാരണ കമ്മിറ്റി<br>Written By: Ressiya Beevi J (Audit Officer, On 02-01-2022)<br>Last Updated By: Joby George (Computer Assistant, On 14-06-2022) | 1-13 |
| 15 | കെട്ടിട വാടക-അപാകതകൾ<br>Written By: Nabeel Muhammad Abbas (Auditor, On 31-12-2021)<br>Last Updated By: Joby George (Computer Assistant, On 28-06-2022) | 1-14 |
| 16 | ഭൂവികസന പെർമിറ്റ് -അളവ് കണക്കാക്കിയതിലെ അപാകതകൾ<br>Written By: Muhammed Shafi V M (Auditor, On 31-12-2021)<br>Last Updated By: Joby George (Computer Assistant, On 14-06-2022) | 1-15 |
| 17 | ഗ്രാമസഭ<br>Written By: Ressiya Beevi J (Audit Officer, On 02-01-2022)<br>Last Updated By: Joby George (Computer Assistant, On 28-06-2022) | 1-16 |

| | | |
|---|---|---|
| 18 | ക്രമവത്കരണ ഫീസ് ഈടാക്കിയതിൽ കുറവ്<br>Written By: Muhammed Shafi V M (Auditor, On 31-12-2021)<br>Last Updated By: Joby George (Computer Assistant, On 14-06-2022) | 1-17 |
| 19 | പാലിയേറ്റീവ് കെയർ ഡ്രൈവർക്ക് വേതനം നൽകിയതിലെ അപാകതകൾ<br>Written By: Swapna.V (Auditor, On 31-12-2021)<br>Last Updated By: Joby George (Computer Assistant, On 14-06-2022) | 1-18 |
| 20 | മെഡിക്കൽ ഓഫീസർ സി.എച്ച്.സി നടപ്പിലാക്കിയ പദ്ധതിയിലെ അപാകതകൾ<br>Written By: Swapna.V (Auditor, On 31-12-2021)<br>Last Updated By: Joby George (Computer Assistant, On 28-06-2022) | 1-19 |
| 21 | സാമൂഹ്യസുരക്ഷാ പെൻഷൻ -അപാകതകൾ<br>Written By: Swapna.V (Auditor, On 31-12-2021)<br>Last Updated By: Joby George (Computer Assistant, On 15-06-2022) | 1-20 |
| 22 | മരാമത്ത് പ്രവൃത്തി - റ്റി ഡി എസ് ഈടാക്കിയതിൽ കുറവ്<br>Written By: C.M.Rasheed (Asst. Audit Officer, On 01-01-2022)<br>Last Updated By: Joby George (Computer Assistant, On 28-06-2022) | 1-21 |
| 23 | തൊഴിലുറപ്പ് പദ്ധതി - ജി എസ് റ്റി - റ്റി ഡി എസ് ഈടാക്കിയിട്ടില്ല.<br>Written By: C.M.Rasheed (Asst. Audit Officer, On 01-01-2022)<br>Last Updated By: Joby George (Computer Assistant, On 15-06-2022) | 1-22 |
| 24 | കോവിഡ് പ്രതിരോധ പ്രവർത്തനം - അവലോകനം<br>Written By: C.M.Rasheed (Asst. Audit Officer, On 28-06-2022)<br>Last Updated By: C.M.Rasheed (Asst. Audit Officer, On 28-06-2022) | 1-23 |
| | **ഭാഗം 2** | |
| 1 | ക്രമവത്കരണ ഫീസ് ഈടാക്കിയതിൽ കുറവ്<br>Written By: Muhammed Shafi V M (Auditor, On 05-03-2022)<br>Last Updated By: Joby George (Computer Assistant, On 28-06-2022) | 2-1 |
| | **ഭാഗം 3** | |
| 1 | പാലിയേറ്റീവ് കെയർ ഡ്രൈവർക്ക് വേതനം നൽകിയതിലെ അപാകതകൾ<br>Written By: Swapna.V (Auditor, On 01-01-2022)<br>Last Updated By: C.M.Rasheed (Asst. Audit Officer, On 28-06-2022) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: C.M.Rasheed (Asst. Audit Officer, On 30-12-2021)<br>Last Updated By: Joby George (Computer Assistant, On 15-06-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: C.M.Rasheed (Asst. Audit Officer, On 30-12-2021)<br>Last Updated By: Joby George (Computer Assistant, On 28-06-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: C.M.Rasheed (Asst. Audit Officer, On 30-12-2021)<br>Last Updated By: Joby George (Computer Assistant, On 15-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: C.M.Rasheed (Asst. Audit Officer, On 30-12-2021)<br>Last Updated By: Joby George (Computer Assistant, On 15-06-2022) | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: C.M.Rasheed (Asst. Audit Officer, On 30-12-2021)<br>Last Updated By: Joby George (Computer Assistant, On 15-06-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: C.M.Rasheed (Asst. Audit Officer, On 30-12-2021)<br>Last Updated By: Joby George (Computer Assistant, On 15-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: C.M.Rasheed (Asst. Audit Officer, On 30-12-2021)<br>Last Updated By: Joby George (Computer Assistant, On 15-06-2022) | 4-7 |

| | | |
|---|---|---|
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: C.M.Rasheed (Asst. Audit Officer, On 30-12-2021)<br>Last Updated By: Joby George (Computer Assistant, On 15-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: C.M.Rasheed (Asst. Audit Officer, On 30-12-2021)<br>Last Updated By: Joby George (Computer Assistant, On 15-06-2022) | 4-9 |
| 10 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: C.M.Rasheed (Asst. Audit Officer, On 30-12-2021)<br>Last Updated By: Joby George (Computer Assistant, On 28-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: C.M.Rasheed (Asst. Audit Officer, On 30-12-2021)<br>Last Updated By: Joby George (Computer Assistant, On 15-06-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 24.3.20 തീയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് 15.02.21ലെ 3(1) നമ്പർ തീരുമാന പ്രകാരം പുതുക്കിയ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

### 1-1-1 വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല

പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. അധിക വിഭവസമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റിൽ ഉൾപ്പെടുത്താവുന്നതാണ്.

മേൽ സൂചിപ്പിച്ച ന്യൂനതകൾ ആവർത്തിക്കാതിരിക്കുവാനും ബജറ്റ് തയ്യാറാക്കുന്നതിൽ സ.ഉ(ആർ.ടി)നം.3291/2016 /ത.സ്വ.ഭ.വ തീയതി 02.12.2016 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള ബജറ്റ് മാന്വലിലെ നടപടിക്രമങ്ങളും മറ്റും പാലിക്കുവാനുമായി ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1.സ്ഥാപനമേധാവികളുടെ യോഗം വിളിച്ച് ചേർത്ത് ബജറ്റ് സംബന്ധിച്ച പ്രാഥമികകാര്യങ്ങൾ ചർച്ച ചെയ്യേണ്ടതാണ്.

2.ബജറ്റ് മാന്വൽ പ്രകാരമുള്ള രേഖകൾ ബജറ്റ് രേഖകളായി സൂക്ഷിക്കേണ്ടതാണ്.

3.എല്ലാ പ്രതീക്ഷിത ഇനങ്ങളും ബജറ്റിൽ ഉൾപ്പെട്ടുവെന്ന് ഉറപ്പാക്കേണ്ടതും പ്രസക്തമല്ലാത്ത ഇനങ്ങൾ ഒഴിവാക്കേണ്ടതുമാണ്.

4.ഗ്രാമപഞ്ചായത്തിന് പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

5.കേരള സർക്കാരിന്റെ ബജറ്റ് നിർദ്ദേശങ്ങൾ പ്രകാരമുള്ള അധിക വിഭവസമാഹരണത്തിനുള്ള സർക്കാർ ഉത്തരവുകൾ തനത് വരുമാന വർദ്ധനവിന് ഉതകുന്ന രീതിയിൽ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 11.05.2021 |

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | | 72094774.00 |
| ഓഡിറ്റ് വർഷത്തെ വരവ് | : | 97950388.00 |
| ആകെ | | 170045162.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | 101027888.00 |
| നീക്കിയിരിപ്പ് | | 69017274.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 1791.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 3575.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഇല്ല |

## 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് / ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 9813762 | 9813762 | 9813762 | |
| വികസന ഫണ്ട്-എസ്.സി.പി | | 9496190 | 9496190 | 9496190 | |
| വികസന ഫണ്ട്-ടി.എസ്.പി | | 183700 | 183700 | 183700 | |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | | 6320225 | 6320225 | 6320225 | |
| മെയിന്റനൻസ്, റോഡ് | | 21086520 | 21086520 | 21086520 | |
| മെയിന്റനൻസ്-റോഡിതരം | | 2466080 | 2466080 | 2466080 | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ARWSS | 227169 | 7055 | 234224 | 0 | 234224 |
| ഐ.സി.ഡി.എസ് | 1735078 | 851028 | 2586106 | 1596619 | 989487 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| ലൈബ്രറി ഗ്രാന്റുകൾ | | 20050 | 20050 | 20050 | |
| ലിറ്ററസി | 5304 | 165 | 5469 | 0 | 5469 |
| ശുചിത്വ മിഷൻ | 1492000 | 2441912 | 3933912 | 303465 | 3630447 |
| കേരളോത്സവം | | 20000 | 20000 | 20000 | |

ജി ഒ പ്രൊജക്ടുകളുടെ വിവരം

| ക്രമ നം | പ്രൊജക്ട് | ഫണ്ടിനം | ചെലവ് |
|---|---|---|---|
| 1 | അംഗൻവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക | വികസന ഫണ്ട് ജനറൽ | 306600 |
| 2 | അംഗൻവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക | വികസന ഫണ്ട് ജനറൽ | 306600 |
| 3 | അംഗൻവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക | വികസന ഫണ്ട് ജനറൽ | 306600 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 237 | 129689706 | 156 | 78635814 | 23 | 58 | 66 |

.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 31151 | 694760 | 725911 | 664469 | 61442 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 9725660 | 9725660 | 9725660 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 4534800 | 316 |
| വിധവാപെൻഷൻ | 11662300 | 729 |
| വാർദ്ധക്യകാലപെൻഷൻ | 17188900 | 1233 |
| വികലാംഗപെൻഷൻ | 2153300 | 143 |
| അവിവാഹിത പെൻഷൻ | 696900 | 42 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 90000 | 3 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.12.2021 ൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1124/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നതിന് ആവശ്യമായ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കുന്നുണ്ടെങ്കിലും ഫയലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുവാൻ നിലവിൽ സാധിക്കുന്നില്ല.

2. ഗ്രാമ പഞ്ചായത്തിലെ വിവിധ സെക്ഷനുകൾ നിലവിൽ പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തപാലുകൾ ലഭിക്കുന്നതും അവയുടെ വിതരണവും സംബന്ധിച്ച വിവരങ്ങൾ സൂചികയിൽ നിന്നും ലഭ്യമാണെങ്കിലും അവയുടെ തീർപ്പാക്കൽ വിവരങ്ങൾ പൂർണ്ണമായും സൂചികയിൽ നിന്നും ലഭ്യമാകുന്നില്ല.

3. ഫ്രണ്ട് ഓഫീസിൽ കറണ്ട് ഫയൽ ജനറേറ്റ് ചെയ്യുമ്പോൾ മാത്രമേ നിലവിൽ സൂചികയിൽ എൻട്രി വരുന്നുള്ളൂ. തീർപ്പു കൽപ്പിക്കുന്നതും വെരിഫിക്കേഷനും സംബന്ധിച്ച എൻട്രികൾ സൂചികയിൽ പ്രതിഫലിക്കുന്നില്ല. ബാക്ക് ഓഫീസ് സംവിധാനം സൂചികയിൽ പൂർണ്ണതോതിൽ പ്രവർത്തിക്കാത്തതിനാൽ ഫയലുകൾ അതത് സെക്ഷനുകളിൽ പെന്റിംഗായി കാണിക്കുന്നു.

4. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

5. വരവ് ഇനങ്ങൾ സംബന്ധിച്ചുള്ള രേഖകൾ കൃത്യമായി പരിപാലിക്കുന്നില്ല. വാടക രജിസ്റ്റർ അപൂർണ്ണമാണ്. ലേലം സംബന്ധിച്ച ഫയലുകളും കൃത്യമായി സൂക്ഷിച്ചിട്ടില്ല. തൊഴിൽ നികുതി സ്റ്റേറ്റ്മെന്റുകൾ പല തൊഴിലുടമകളും ചട്ടപ്രകാരമുള്ള സ്റ്റേറ്റ്മെന്റിലല്ല സമർപ്പിച്ചിട്ടുള്ളത്. ഇക്കാരണത്താൽ തൊഴിൽ നികുതി കണക്കാക്കിയിട്ടുള്ളത് കൃത്യമാണോയെന്ന് പരിശോധിക്കാൻ സാധ്യമല്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.2.20 | ജനുവരി 2020 | -- |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.7.2016 | 2011-12 മുതൽ 2015-16 വരെ | 25.8.16 |

## 1- 11 ഓഡിറ്റ് ഇംപാക്ട്

എ) 2020-21 സാമ്പത്തിക വർഷത്തിലെ ഓഡിറ്റുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികളുടെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്തിലെ വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നീ ഇനങ്ങളിലെ ഫീസ് ഈടാക്കിയതിൽ കുറവുണ്ടായിരുന്ന 15220/- രൂപ താഴെ പറയുന്ന രസീതുകൾ പ്രകാരം ഈടാക്കിയിട്ടുണ്ട്.

1) ജീവനക്കാരുടെ തൊഴിൽ നികുതി (എൻക്വയറി നം.-2 / 24.12.2021)

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കിയ തുക | രസീത് നം./തീയതി |
|---|---|---|---|
| 1 | സിന്തൈറ്റ് | 5160/- | 121010104332/ 31.12.2021 |
| 2 | സിന്തേഗ ഫുഡ് ഇൻഗ്രേഡിയൻസ് പ്രൈ. ലിമിറ്റഡ്. | 60/- | 121010104166/ 27.12.2021 |
| ആകെ | | 5220/- | |

2)ലൈസൻസ് ഫീസ് (എൻക്വയറി നം.-5 / 27.12.2021)

| ലൈസൻസ് നം. | സ്ഥാപനം, | ഈടാക്കിയ തുക, രസീത് നം, തീയതി |
|---|---|---|
| 96/20-21 | സിന്തൈറ്റ് ചോക്ലേറ്റ് നിർമ്മാണ യൂണിറ്റ്, | 10000/-, 121010104335, 31.12.2021 |

ബി) തൊഴിലുറപ്പ് പദ്ധതിയുടെ കരാറുകാരനിൽ നിന്ന് ജി എസ് റ്റി കുറവ് ചെയ്യാതിരുന്നതിനാൽ നൽകിയ ഓഡിറ്റ് എൻക്വയറിയുടെ ( നം 7/28.12.2021) അടിസ്ഥാനത്തിൽ 8202 രൂപ 30.12.2021 ലെ 0449763 നം രസീത് പ്രകാരം അടവാക്കി.

## 1-12 ദുരിതാശ്വാസനിധി

2003ലെ കേരള പഞ്ചായത്ത് രാജ് ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ചട്ടങ്ങൾ ചട്ടം 3(1) പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതി ക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ, എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിനായി ഗ്രാമപഞ്ചായത്ത് ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണ്. ആയത് പ്രകാരം ഗ്രാമ പഞ്ചായത്തിൽ അത്തരത്തിലൊരു ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ട്.

പ്രസ്തുത അക്കൗണ്ടിലെ വരവ് ചെലവ് കണക്കുകൾ താഴെച്ചേർക്കുന്നു.

| മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|
| 112780 | 19394 | 132174 | 46000 | 86174 |

പകർച്ച വ്യാധികളും ദുരന്തങ്ങളും അനുദിനം വർദ്ധിച്ച് കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ അശരണരായ ജനങ്ങൾ പഞ്ചായത്ത് വഴി നല്കുന്ന ചെറിയ സഹായം പോലും വലിയ മുതൽക്കൂട്ടാവുന്നതാണ്. ദുരിതാശ്വാസനിധി വഴി പഞ്ചായത്തിലെ ദുരിതമനുഭവിക്കുന്ന ഒട്ടനവധി കുടുംബങ്ങൾക്ക് സഹായം ലഭിച്ചിട്ടുണ്ട്. 2020-21സാമ്പത്തിക വർഷത്തിൽ നിരവധി കുടുംബങ്ങൾക്ക് ചികിത്സ സഹായമായി 46000 രൂപ ഈ അക്കൗണ്ടിൽ നിന്ന് നല്കിയിട്ടുണ്ട്. കൂടുതലും മാരകരോഗങ്ങളായ ക്യാൻസർ, ഹൃദയ സംബന്ധമായ രോഗങ്ങളുള്ളവർ എന്നിവർക്കാണ് ദുരിതാശ്വാസ നിധിയിൽ നിന്ന് തുക നല്കിയിട്ടുള്ളത്. പഞ്ചായത്തിന്റെ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. തുടർന്നും ഇത്തരത്തിലുള്ള ജീവകാരുണ്യപ്രവർത്തനങ്ങളിൽ സജീവമായി പ്രവർത്തിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 ദുരന്ത നിവാരണ കമ്മിറ്റി

കേരള സർക്കാരിന്റെ 20.2.2018ലെ ഉത്തരവ് നം.ഡി.എ.1/523/2017 തസ്വഭവ.(ഡി.എ) വകുപ്പ്, തിരുവനന്തപുരം നിർദ്ദേശാനുസരണം ഐക്കരനാട് ഗ്രാമപഞ്ചായത്തിൽ ദുരന്ത നിവാരണ കമ്മിറ്റി(Disaster Management Committee) രൂപീകരിച്ചിട്ടുണ്ട്. പഞ്ചായത്തിൽ നല്ല രീതിയിൽ തന്നെ ദുരന്ത നിവാരണ കമ്മിറ്റി പ്രവർത്തനം നടത്തുന്നുണ്ട്. കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് സജീവമായ വിലയിരുത്തലുകളും, ഇടപെടലുകളും നടത്തുന്നത് അഭികാമ്യമായിരിക്കും. ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ കമ്മിറ്റി അംഗങ്ങൾ സജീവമായി പ്രവർത്തിക്കുന്നുണ്ട്.

## 1-14 കെട്ടിട വാടക-അപാകതകൾ

1.വാടകക്കരാർ സൂക്ഷിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വിവിധ കടമുറികൾ 2020-21 വർഷത്തിൽ വാടകയ്ക്ക് കൊടുത്തിരിക്കുന്നതിൽ വാടകക്കരാർ സൂക്ഷിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കടമുറി നം. | വാടകക്കാരന്റെ വിവരം | പ്രതിമാസ വാടക |
|---|---|---|---|
| 1 | I/494 | പ്രതിഭ സുനിൽ ദത്ത് | 544.00 |
| 2 | I/497 | അലക്സ് ജോസഫ് | 1001.00 |
| 3 | I/498 | പോസ്റ്റ് ഓഫീസ് പഴന്തോട്ടം | 112.00 |
| 4 | I/499 | റ്റി. ജി . ജയകുമാർ | 844.00 |
| 5 | IV/536 | സെക്രട്ടറി എ.എസ്.സി.ബി. | 2060.00 |
| 6 | VI/528 | ചന്ദ്രൻ പി. കെ. | 2768.00 |
| 7 | VII/590 | കെ. കെ. ശശി | 1771.00 |
| 8 | IX/163ബി | അമ്മിണി | 817.00 |
| 9 | IX/163ഡി | സിനി മാത്യു | 817.00 |
| 10 | VIII/203എ | പോസ്റ്റ് ഓഫീസ് കടയിരുപ്പ് | 107.00 |
| 11 | XI/338 എ | സി. എം. വിജയൻ | 2461.00 |
| 12 | XI/338 ഡി | ബിജു വി.എ. | 666.00 |
| 13 | VI/411 | റെജീന ആർ.എൻ. | 21120.00 |

2. വാടക, വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വിവിധ കടമുറികൾ 2020-21 വർഷത്തിൽ വാടകയ്ക്ക് എടുത്തിരുന്നവർ വാടക ഒടുക്കുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു. മുൻ വർഷങ്ങളിലെ കുടിശ്ശികയും ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കടമുറിനം. | വാടകക്കാരന്റെ വിവരം | പ്രതിമാസ വാടക | വാടക ഒടുക്കാത്ത കാലയളവ് (മാസം ) | ആകെ ഒടുക്കേണ്ട വാടക |
|---|---|---|---|---|---|
| 1 | I/495 | കെ.എ.ബാലൻ | 611.00 | 3 | 1,833.00 |
| 2 | I/483 | കെ.ആർ.ഷാജി | 794.00 | 3 | 2,382.00 |
| 3 | VII/591 | റ്റി.എസ്.ചന്ദ്രൻ | 1771.00 | 12 | 21,252.00 |
| 4 | VI/528എച്ച് | റ്റി.എസ്.ചന്ദ്രൻ | 1771.00 | 12 | 21,252.00 |
| 5 | VI/528ഡി | ചന്ദ്രൻ പി.കെ. | 2768.00 | 12 | 33,216.00 |
| 6 | IX/163ബി | അമ്മിണി | 817.00 | 12 | 9,804.00 |
| 7 | IX/163ഡി | സിനി മാത്യു | 817.00 | 12 | 9,804.00 |

| | | | | | |
|---|---|---|---|---|---|
| 8 | XI/338 സി | ബാബു കെ. കെ. | 376.00 | 1 | 376.00 |
| 9 | XI/338 ഇ | ബാബു കെ . കെ. | 376.00 | 1 | 376.00 |
| 10 | VI/411 | റെജീന.ആർ.എൻ. | 21,120.00 | 12 | 2,53,440.00 |
| | ആകെ | | | | 3,53,735.00 |

പഞ്ചായത്ത് കെട്ടിടം വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് ബൈലോ തയ്യാറാക്കിയിട്ടില്ല. കൂടാതെ പഞ്ചായത്തിന്റെ ആസ്തിയിൽ വാടകക്കായ് നിശ്ചയിച്ചിട്ടുള്ള വസ്തുവകകളെ പറ്റിയുള്ള വിവരങ്ങളൊ, വാടകയെ സംബന്ധിച്ച വിവരങ്ങളൊ കൃത്യമായ വാടക കരാറുകളൊ ഇല്ലാത്തതിനാലും വാടക രജിസ്റ്ററുകൾ പൂർണ്ണമല്ലാത്തതിനാലും വാടക സംബന്ധിച്ച വിവരങ്ങൾ വ്യക്തമല്ലാതെയാണ് ഇടരുന്നത്. മേൽ അപാകതകൾക്ക് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ട് നൽകിയ എൻക്വയറി (നം.11/29.12.21) ന് മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകതകൾ പരിഹരിക്കേണ്ടതും വാടക കുടിശ്ശിക ഇനത്തിൽ ഈടാക്കേണ്ട തുക ഈടാക്കിയതിന്റെയും വിശദവിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മേൽ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-15 ഭൂവികസന പെർമിറ്റ് -അളവ് കണക്കാക്കിയതിലെ അപാകതകൾ

ഭൂവികസന പെർമിറ്റ് നൽകിയപ്പോൾ അപേക്ഷയിൽ ഉണ്ടായിരുന്നതിനേക്കാൾ കൂടുതൽ സ്ഥലത്തിന് പെർമിറ്റ് നൽകിയതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പെർമിറ്റ് നം, തീയതി | A2-4595/20, 23.9.2020 |
| അപേക്ഷകന്റെ പേര് | ബീന തോമസ്, കൊട്ടാനത്ത് |
| ആകെ വിസ്തീർണ്ണം, സർവ്വേ നം. | 17.45 ആർ, 248/4-2-2, 248/5-2-2 |
| ഭൂവികസന പെർമിറ്റിന് അപേക്ഷിച്ച വിസ്തീർണ്ണം | 4.04 ആർ |
| ഈടാക്കിയ തുക, രസീത് നം., തീയതി | 3030/-, 12001010204O, 23.09.2020 |
| ഭൂവികസന പെർമിറ്റ് പ്രകാരം അനുമതി നൽകിയ വിസ്തീർണ്ണം | 17.3 ആർ |

അപേക്ഷയിൽ ഉണ്ടായിരുന്നതിനേക്കാൾ കൂടുതൽ സ്ഥലത്തിന് ഭൂവികസന പെർമിറ്റ് അനുവദിച്ചതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം 15/30.12.2021), സർട്ടിഫിക്കറ്റ് പ്രിന്റ് എടുത്തപ്പോൾ 4.04 എന്നതിന് പകരം 17.3 എന്ന് തെറ്റായി എടുത്തതാണെന്നും, എ.ഇ. യുടെ റിപ്പോർട്ട് പ്രകാരം 4.04 ആർ ആണെന്നും മറുപടി നൽകിയിട്ടുണ്ട്. ടി സ്ഥലത്ത് അപേക്ഷ പ്രകാരമുള്ള 4.04 ആർ മാത്രമാണ് ഭൂവികസനം നടന്നിട്ടുള്ളത് എന്ന് പഞ്ചായത്തിൽ നിന്നും അന്വേഷിച്ച് ഉറപ്പ് വരുത്തേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-16 ഗ്രാമസഭ

2020-21 സാമ്പത്തിക വർഷത്തിൽ കോവിഡിന്റെ പശ്ചാത്തലത്തിൽ നിയമപ്രകാരമുള്ള കാലയളവിൽ ഗ്രാമസഭകൾ കൂടുന്നതിന് സാധിച്ചിട്ടില്ല. 2021-22 വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു ഗ്രാമസഭ മാത്രമാണ് ചേർന്നിട്ടുള്ളത്.

## 1-17 ക്രമവത്കരണ ഫീസ് ഈടാക്കിയതിൽ കുറവ്

2019ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 95 പ്രകാരം അംഗീകൃത പ്ലാൻ കൂടാതെയോ, വ്യതിചലിക്കപ്പെട്ട പ്ലാൻ കൂടാതെയോ ഏതെങ്കിലും കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിക്കുകയോ, നടത്തിക്കൊണ്ടുപോവുകയോ, പൂർത്തിയാക്കുകയോ ചെയ്താൽ അപ്രകാരമുള്ള നിർമ്മാണങ്ങൾ രാജിയാക്കൽ ഫീസ് ഈടാക്കി ക്രമപ്പെടുത്തേണ്ടതാണ്. പ്രാബല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടിയാണ് ക്രമവത്കരണത്തിനുള്ള രാജിയാക്കൽ ഫീസ്. ചട്ടം 9(4) പട്ടിക II പ്രകാരം റസിഡൻഷ്യൽ കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 7 രൂപയാണ് പെർമിറ്റ് ഫീസ്. ഇത് പ്രകാരം ഒരു കെട്ടിടത്തിന് ക്രമവത്കരണ ഫീസ് ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്. വിശദവിവരം ഖണ്ഡിക 2-1 ൽ ചേർത്തിട്ടുണ്ട്.

## 1-18 പാലിയേറ്റീവ് കെയർ ഡ്രൈവർക്ക് വേതനം നൽകിയതിലെ അപാകതകൾ

2020-21 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ മെഡിക്കൽ ഓഫീസർ സി.എച്ച്.സി കടയിരിപ്പ് നടപ്പിലാക്കിയ വിവിധ പദ്ധതികളിൽ വാഹനം ഓടിച്ചതിന് പാലിയേറ്റീവ് കെയർ വാഹന ഡ്രൈവറായ ശ്രീ കെ.കെ.

മണി എന്ന വ്യക്തിക്ക് അധിക വേതനം നൽകിയിട്ടുണ്ട്. വിശദവിവരം ഭാഗം 3-1 ൽ ചേർത്തിട്ടുണ്ട്.

## 1-19 മെഡിക്കൽ ഓഫീസർ സി.എച്ച്.സി നടപ്പിലാക്കിയ പദ്ധതിയിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ സി.എച്ച്.സി കടയിരിപ്പ് നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊഫോമ ഇൻവോയ്സ് നം./തീയതി | ബിൽ നം./തീയതി | തുക |
|---|---|---|---|
| 1 | PRF 6536/23.03.21 | 14/20-21, 27.03.21 | 12993/- (വികസന ഫണ്ട്) |
| 2 | PRF 6532/23.03.21 | ചെക്ക് നം. ലഭ്യമായിട്ടില്ല | 23000/- (തനത് ഫണ്ട്) |
| 3 | PRF 1280/26.06.20 | 4/20-21, 12.08.20 | 116985/- (വികസന ഫണ്ട്) |

മേൽ പദ്ധതി പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്ന് ക്രമ നം.1, 2 എന്നിവ പ്രകാരം മരുന്നുകൾ ലഭ്യമാക്കുന്നതിനായി മുൻകൂർ തുക നൽകിയിരുന്നെങ്കിലും മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല.

ക്രമ നം. 3 പ്രകാരം പാലിയേറ്റീവ് കെയർ ഉപകരണങ്ങൾക്കായി നൽകിയ മുൻകൂർ തുകയിൽ 50293/-രൂപയുടെ ഉപകരണം മാത്രമേ ലഭ്യമായിട്ടുള്ളൂ. ശേഷിക്കുന്ന തുകയുടെ സാധനങ്ങൾ ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രസ്തുത വിഷയത്തിലേക്ക് ഭരണ സമിതിയുടെയും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

2)

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | സബ് സെന്ററുകളിലേക്ക് ഗ്ലൂക്കോമീറ്റർ, ഗ്ലൂക്കോമീറ്റർ സ്ട്രിപ്പ്, ഉപകരണങ്ങൾ മുതലായവ വാങ്ങൽ |
| പ്രൊജക്ട് നം | SO 223/20-21 |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. കടയിരിപ്പ് |
| അടങ്കൽ തുക | 100000/-(മെയിന്റനൻസ് ഫണ്ട്, റോഡിതരം) |
| ചെലവ് | 100000/- |
| ബിൽ നം. / തീയതി | 8/2020-21/ 27.11.20 |

മേൽ പ്രൊജക്ട് പ്രകാരം 100000/- രൂപ (പ്രൊഫോർമ ഇൻവോയിസ് നം.PRF 3528,19.11.20) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് ഗ്ലൂക്കോമീറ്റർ, ഗ്ലൂക്കോമീറ്റർ സ്ട്രിപ്പ് , ലാൻസെറ്റ് എന്നിവ വാങ്ങുന്നതിനായി നൽകിയിട്ടുണ്ട്. ഇവ ലഭ്യമായി സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ ടാക്സ് ഇൻവോയിസും സ്റ്റോക്ക് രജിസ്റ്ററും പരിശോധനക്കായി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 8/29.12.21) ലഭ്യമായ മറുപടിയിൽ ഗ്ലൂക്കോമീറ്റർ, ഗ്ലൂക്കോമീറ്റർ സ്ട്രിപ്പ് എന്നിവ ലഭ്യമായത് ഷോർട്ട് എക്സ്പെയറി ആയതിനാൽ KMSCL കൊല്ലം ഡിപ്പോയിൽ അറിയിക്കുകയും ലാൻസെറ്റ് ഉൾപ്പെടെയുള്ള ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി ടി വസ്തുക്കൾ KMSCL ൽ കൊല്ലം വെയർഹൗസിലേക്ക് തിരികെ അയക്കുകയും ചെയ്തിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. 22.9.21 ൽ കെ.എം.സി.എൽ ലേക്ക് ഇ മെയിൽ ചെയ്തിട്ട് ഇതിന്റെ പകർപ്പ് ഹാജരാക്കിയിട്ടുണ്ട്. ആയവ ലഭ്യമായാൽ സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

.

## 1-20 സാമൂഹ്യസുരക്ഷാ പെൻഷൻ -അപാകതകൾ

ഗ്രാമ പഞ്ചായത്തിലെ സാമൂഹ്യസുരക്ഷാ പെൻഷൻ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1)താഴെ കൊടുത്തിരിക്കുന്ന വ്യക്തിയുടെ മരണശേഷവും പെൻഷൻ തുകകൾ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| പെൻഷനറുടെ പേര് | മരണം നടന്ന തീയതി | പെൻഷൻ തരം, പെൻഷൻ ഐ ഡി | അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത ആകെ | കാലയളവ് പെൻഷൻ തുക |
|---|---|---|---|---|

| | | | തുക | (ഓരോ മാസത്തിലും) |
|---|---|---|---|---|
| രാമൻകുട്ടി കെ വി | 30.01.2021 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, 106790201366 | 17400/- | 2,3/2021 -1500/- 4-12/2021- 1600/- |

മേൽ പറഞ്ഞിരിക്കുന്ന പെൻഷൻ തുക സർക്കാരിലേക്ക് തിരിച്ചടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

2)ചില പെൻഷണർമാരുടെ മരണശേഷം തുക വിതരണത്തിനായി ബാങ്കിന് കൈമാറിയതായി കാണുന്നു. ടി വ്യക്തികൾ മരണപ്പെട്ടതായി ബാങ്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും പ്രസ്തുത പെൻഷനുകൾ സസ്പെന്റ് ചെയ്തിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പെൻഷനറുടെ പേര് | മരണം നടന്ന തീയതി | പെൻഷൻ തരം, പെൻഷൻ ഐ ഡി | പെൻഷനറുടെ മരണശേഷവും ബാങ്കിന് തുക കൈമാറിയിട്ടുള്ള കാലയളവ് |
|---|---|---|---|---|
| 1 | മെയ്യ ശാസ്താവ് | 16.12.2020 | കർഷക തൊഴിലാളി പെൻഷൻ, 106790100113 | 2020 ഡിസംബർ മുതൽ 2021ഡിസംബർ വരെ |
| 2 | ശിവൻ പി.പി. | 07.01.2020 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ 106790200384 | 2021 ജനുവരി മുതൽ 2021 ഡിസംബർ വരെ |
| 3 | മറിയാമ്മ മത്തായി | 01.01.2021 | കർഷക തൊഴിലാളി പെൻഷൻ 106790100388 | 2020 ഡിസംബർ മുതൽ 2021ഡിസംബർ വരെ |
| 4 | തങ്കമ്മ | 27.02.2021 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം 106790600141 | 2021 ഫെബ്രുവരി മുതൽ 2021 ഡിസംബർ വരെ |

ഇപ്രകാരം നാളിത് വരെ വിതരണത്തിനായി ബാങ്കിന് നൽകിയ തുകകളുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. ഇപ്രകാരം നൽകിയ തുക സർക്കാരിലേക്ക് തിരിച്ചടക്കാൻ ബാങ്കിലേക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ബാങ്ക് തിരിച്ചടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/31.12.2021) മറുപടി ലഭിച്ചിട്ടില്ല. അപാകതകൾ പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-21 മരാമത്ത് പ്രവൃത്തി - റ്റി ഡി എസ് ഈടാക്കിയതിൽ കുറവ്

ഗ്രാമപഞ്ചായത്തിൽ കരാറുകാരനിൽ നിന്ന് നിശ്ചിത നിരക്കിൽ ആദായ നികുതി - റ്റി ഡി എസ് ഈടാക്കാതിരുന്നതിനാൽ 6853 രൂപയുടെ കുറവ് സംഭവിച്ചു. വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 177/21 (സ്പിൽ ഓവർ പ്രൊജക്ട്) |
| പേര് | ഓടോളിക്കുളം തൊണ്ടിപ്പീടിക റോഡ് സംരക്ഷണ ഭിത്തി നിർമ്മാണം വാർഡ് 10 |
| അടങ്കൽ | 1100000 |
| കരാറുകാരൻ | എസ് എം കൺസ്ട്രക്ഷൻസ്, മൂവാറ്റുപുഴ |
| അളവ് പുസ്തകം നമ്പർ | 347/19-20, 370/19-20 |
| ചെലവ് | 685295/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി:എഞ്ചിനീയർ |

ആദായ നികുതി നിയമം സെക്ഷൻ 194(ജെ) പ്രകാരം കരാർ സ്ഥാപനങ്ങളിൽ നിന്നും 2% നികുതി ഉറവിടത്തിൽ കുറവ് ചെയ്യണം. എന്നാൽ ഈ പ്രവൃത്തിയുടെ ബില്ലിൽ നിന്ന് റ്റി ഡി എസ് കുറവ് ചെയ്തതിൽ താഴെ പറയും പ്രകാരം കുറവ് സംഭവിച്ചു.

| | |
|---|---|
| ചെലവ് തുക | 685295/- |

| | |
|---|---|
| ഈടാക്കേണ്ട റ്റി ഡി എസ് (@ 2 % ) | 13706/- |
| ഈടാക്കിയ റ്റി ഡി എസ് | 6853/- |
| കുറവ് | 6853/- |

റ്റി.ഡി.എസ്. ഈടാക്കിയതിൽ കുറവ് വന്നത് സംബന്ധിച്ച് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 6/28.12.2021) മറുപടി ലഭ്യമാക്കിയില്ല. 6853/- രൂപ കരാറുകാരനിൽ നിന്ന് ഈടാക്കി അടവാക്കേണ്ടതാണ്.

## 1-22 തൊഴിലുറപ്പ് പദ്ധതി - ജി എസ് റ്റി - റ്റി ഡി എസ് ഈടാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയുടെ മെറ്റീരിയൽ പ്രവ്യത്തികളിൽ കരാറുകാരിൽ നിന്ന് നിയമാനുസ്യത ജി എസ് റ്റി - റ്റി ഡി എസ് ഈടാക്കിയിട്ടില്ല. തൊഴിലുറപ്പ് മിഷൻ ഡയറക്ടറുടെ 30.7.2019 ലെ 957/ഇ ജി എസ് - സി /16/ആർ ഇ ജി എസ് നം സർക്കുലർ പ്രകാരം ജി എസ് റ്റി - റ്റി ഡി എസ് തുക വെണ്ടർ/കരാറുകാരൻ നേരിട്ട് പഞ്ചായത്തിൽ ഒടുക്കുമെന്ന് ഉറപ്പ് വരുത്തി (എം ഐ എസി ൽ ഉറവിടത്തിൽ കുറവ് ചെയ്യുന്നത് സാധ്യമല്ലാത്തതിനാൽ)യാണ് ബിൽ തുക സെറ്റിൽ ചെയ്യേണ്ടത്. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ താഴെ പറയുന്ന പ്രവ്യത്തിയുടെ ബില്ലിലെ കരാറുകാരന്റെ തുക 2.5 ലക്ഷത്തിനു മുകളിലാണെങ്കിലും ഇപ്രകാരം റ്റി ഡി എസ് കുറവ് ചെയ്തിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രവ്യത്തിയുടെ പേര്/ എം ബുക്ക് നം | കരാറുകാരൻ | തുക നൽകിയതിന്റെ വിവരം | കരാറുകാരനു നൽകിയ തുക | ഈടാക്കേണ്ട ജി എസ് റ്റി (@2%) |
|---|---|---|---|---|---|
| 1 | പഴന്തോട്ടം ലക്ഷം വീട് കോളനി ഐറിഷ് ഡ്രെയിൻ നിർമമാണം | പി എ രാജൻ | എസ് ബി ഐ കോലഞ്ചേരി, അക്കൗണ്ട് നം 67154030850, 16.1.21, 30.7.20 | 287127 | 5743 |
| 2 | കുഴിക്കാട്ടുമോളം കൊമരിക്കൽ താഴം റോഡ് കട്ട വിരിക്കൽ | മക്കാർ എം പി | എസ് ബി ഐ പട്ടിമറ്റം, അക്കൗണ്ട് നം 67194078228, 7.7.21, 3.4.21 | 408092 | 8162 |
| 3 | കുഴിക്കാട്ടുമോളം കരട്ടേടത്തു റോഡ് കട്ട സംരക്ഷണം | മക്കാർ എം പി | എസ് ബി ഐ പട്ടിമറ്റം, അക്കൗണ്ട് നം 67194078228, 10.5.21 | 422828 | 8457 |
| 4 | പാപ്പാരിപീടിക താഴക്കൽത്താഴം റോഡ് കട്ടവിരിക്കൽ | വിൽസൺ വി വർക്കി | എസ് ബി ഐ വാളകം, അക്കൗണ്ട് നം 57021697163, 4.8.21 | 315862 | 6317 |
| 5 | വലമ്പൂർ കുരിശ് ഇരട്ടപ്പാടം റോഡ് | കെ പി മാത്യു | എസ് ബി ഐ വാളകം, അക്കൗണ്ട് നം 6703131340885, 4.8.221, 10.5.21 | 323188 | 6464 |
| 6 | ആറണിപ്പിള്ളി സൊസൈറ്റിപ്പടി റോഡ് കട്ടവിരിക്കൽ | യൂസഫ് | സൗത്ത് ഇൻഡ്യൻ ബാങ്ക് വളയൻചിറങ്ങര 93805300000043, 10.5.21, 3.4.21 | 586136 | 11723 |
| 7 | മൂപ്പിലാശ്ശേരി മോളം കുറുത്തേടത്ത് (മാളിയേക്കൽ) താഴം റോഡ് | രാജൻ | എസ് ബി ഐ വാളകം, 67031340885, 16.1.21, 26.8.21 | 591504 | 11830 |
| ആകെ | | | | 2934737 | 58696 |

റ്റി ഡി എസ് തുക അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 കോവിഡ് പ്രതിരോധ പ്രവർത്തനം - അവലോകനം

1)കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് വേണ്ടി 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ ചെലവഴിച്ച തുകയുടെ വിവരം താഴെ ചേർക്കുന്നു.( പഞ്ചായത്ത് ലഭ്യമാക്കിയ മറുപടി പ്രകാരം)

| ഫണ്ടിനം | 2019-20 | 2020-21 |
|---|---|---|
| പ്ലാൻ ഫണ്ട് | ഇല്ല | - |
| തനത് ഫണ്ട് | | 4419245 |
| ഗ്രാന്റ് | | 600000 |
| മറ്റിനം | | 330166 |
| ആകെ | | 5349411 |

2)കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വാഷിംഗ് മെഷീൻ ( 2 എണ്ണം), ഫ്രിഡ്ജ്, മൊബൈൽ ഫോൺ മുതലായവ വാങ്ങിയിട്ടുണ്ട്. ആയതിന്റെ സ്റ്റോക്ക് രേഖകൾ പരിശോധനക്ക് ലഭ്യമാക്കി.

3)ലഭ്യമാക്കിയ രേഖകൾ പ്രകാരം ഒരു സ്വകാര്യ ഓഡിറ്റോറിയത്തിലാണ് സി എഫ് എൽ റ്റി സി ഒരുക്കിയിട്ടുള്ളത്. പ്രസ്തുത സ്ഥാപനത്തിൽ പ്ലൈവുഡ് ഉപയോഗിച്ച് 51017 രൂപ ചെലവിൽ കാബിൻ നിർമ്മിക്കുന്ന സിവിൽ വർക്ക് മാത്രമാണ് ചെയ്തിട്ടുള്ളത്. നിലവിൽ സി എഫ് എൽ റ്റി സി പ്രവർത്തിക്കുന്നില്ല.

4)കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി യൂത്ത് വോളന്റിയർമാർക്ക് പരിശീലനം നൽകുകയോ വോളന്റിയർമാരെ നിയമിക്കുകയോ ചെയ്തിട്ടില്ല.

5) ഗ്രാമപഞ്ചായത്തിൽ കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തിച്ചിരുന്നു.

6) പ്രത്യേക പരിഗണന നൽകേണ്ടവരുടെ(ഗുരുതര രോഗികൾ,പ്രായാധിക്യമുള്ളവർ) സുരക്ഷയ്ക്ക് ഹെൽപ്പ് ഡസ്ക് രൂപീകരിച്ചിരുന്നു.

7) പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ഗ്രാമപഞ്ചായത്ത് തലത്തിൽ മോണിറ്ററിംഗ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്.

8)ഗ്രാമ പഞ്ചായത്ത് പരിധിയിൽ കോവിഡ് 19 സ്ഥിരീകരിച്ച വ്യക്തികളുടെ എണ്ണം, രോഗം ഭേദമായവരുടെ എണ്ണം, മരണപ്പെട്ടവർ ഉണ്ടെങ്കിൽ ആയതിന്റെ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 ക്രമവത്കരണ ഫീസ് ഈടാക്കിയതിൽ കുറവ്

2019ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 95 പ്രകാരം അംഗീകൃത പ്ലാൻ കൂടാതെയോ, വ്യതിചലിക്കപ്പെട്ട പ്ലാൻ കൂടാതെയോ ഏതെങ്കിലും കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിക്കുകയോ, നടത്തിക്കൊണ്ടുപോവുകയോ, പൂർത്തിയാക്കുകയോ ചെയ്താൽ അപ്രകാരമുള്ള നിർമ്മാണങ്ങൾ രാജിയാക്കൽ ഫീസ് ഈടാക്കി ക്രമപ്പെടുത്തേണ്ടതാണ്. പ്രാബല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടിയാണ് ക്രമവത്കരണത്തിനുള്ള രാജിയാക്കൽ ഫീസ്. ചട്ടം 9(4) പട്ടിക II പ്രകാരം റസിഡൻഡൻഷ്യൽ കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 7 രൂപയാണ് പെർമിറ്റ് ഫീസ്. ഇത് പ്രകാരം താഴെ കൊടുത്തിരിക്കുന്ന കെട്ടിടത്തിന് ക്രമവത്കരണ ഫീസ് ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

.

| ക്രമവത്കരണ പെർമിറ്റ് നം, തീയതി | അപേക്ഷകന്റെ പേര് | ക്രമവത്കരിച്ച വിസ്തീർണ്ണം, ഈടാക്കിയ തുക, രസീത് നം, തീയതി | ഈടാക്കേണ്ടിയിരുന്ന തുക | കുറവ് |
|---|---|---|---|---|
| A2-4403/20, 22.10.2020 | ബെന്നി പി കെ, പൂന്തുറ | 255.93 ച.മീ., 1792/-, 120010102617, 22.10.2020 | 255.93*14 =3583/- | 1791/- |

ക്രമവത്കരണ ഫീസ് ഈടാക്കിയതിൽ കുറവ് വന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (16/31.12.2021) മറുപടി ലഭ്യമായിട്ടില്ല. കുറവ് വന്ന തുക ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ

അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പാലിയേറ്റീവ് കെയർ ഡ്രൈവർക്ക് വേതനം നൽകിയതിലെ അപാകതകൾ

2020-21 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ മെഡിക്കൽ ഓഫീസർ സി.എച്ച്.സി കടയിരിപ്പ് നടപ്പിലാക്കിയ വിവിധ പദ്ധതികളിൽ വാഹനം ഓടിച്ചതിന് പാലിയേറ്റീവ് കെയർ വാഹന ഡ്രൈവറായ ശ്രീ കെ.കെ മണി എന്ന വ്യക്തിക്ക് താഴെ പറയും പ്രകാരം വേതനം നൽകിയിട്ടുണ്ട്.വിശദവിവരം ചുവടെ ചേർക്കുന്നു

A) പ്രോജ.നം.147/20-21,പാലിയേറ്റീവ് കെയർ

| വാഹനം ഓടിയ തീയതി/ ആവശ്യം | 12.6.20/ പാലിയേറ്റീവ് കെയർ | 12.6.20/DVC യൂണിറ്റിൽ നിന്നുംഫീൽഡ് വർക്കർമാരെ കൊണ്ടുവന്ന് തിരികെ വിടുന്നതിന് | 8.7.20 പാലിയേറ്റീവ് കെയർ | 18.7.20 പാലിയേറ്റീവ് കെയർ | 25.1.21 പാലിയേറ്റീവ് കെയർ |
|---|---|---|---|---|---|
| തുക/ബിൽ നം./തീയതി | 35760/- 3/ 20-21/ 6.7.20 | 35760/- 3/ 20-21/ 6.7.20 | 36136/- 5/20-21 12.8.20 | 36136/- 5/20-21 12.8.20 | 34384/12 /20-21 /27.3.21 |
| വൗച്ചർ നം/ തീയതി | 19/30.6.20 | 20/12.6.20 | 8/8.7.20 | 15/18.7.20 | 16/25.1.21 |
| നൽകിയ തുക | 715/- | 715/- | 715/- | 715/- | 715/- |

B)പ്രോജ.നം.151/20-21,ദുരന്തനിവാരണവും രോഗപ്രതിരോധ പ്രവർത്തനങ്ങളും

| വാഹനം ഓടിയ തീയതി/ ആവശ്യം | 12.6.20/ ഫോഗിംഗ് | 8.7.20/ ഫോഗിംഗ് | 18.7.20/ആലുവ കവർ എടുക്കാൻ | 25.1.21/ മഞ്ഞുമ്മൽ മരുന്ന് വാങ്ങാൻ |
|---|---|---|---|---|
| തുക/ബിൽ നം./തീയതി | 103466/- ചെക്ക് നം. 73095680376/ 31.3.21 | 103466/- ചെക്ക് നം. 73095680376/ 31.3.21 | 103466/- ചെക്ക് നം. 73095680376/ 31.3.21 | 103466/- ചെക്ക് നം. 73095680376/ 31.3.21 |
| വൗച്ചർ നം/ തീയതി | 246/31.3.21 | 246/31.3.21 | 246/31.3.21 | 246/31.3.21 |
| നൽകിയ തുക | 715/- | 715/- | 715/- | 715/- |

മേൽ പദ്ധതി പ്രകാരം പാലിയേറ്റീവ് കെയർ ഡ്രൈവറായ ശ്രീ.കെ.കെ.മണി എന്ന വ്യക്തിക്ക് (ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചത് – വേതനം 715/-രൂപ/ദിവസം) 12.06.2020 -ാം തീയതിയിൽ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി വാഹനം ഓടിച്ച വകയിൽ 715/-രൂപ, DVC യൂണിറ്റിൽ നിന്നും ഫീൽഡ് വർക്കർമാരെ കൊണ്ടുവന്ന് തിരികെ വിട്ടതിന് 715/-രൂപ, ദുരന്തനിവാരണവും രോഗപ്രതിരോധ പ്രവർത്തനങ്ങളും എന്ന പദ്ധതിയുടെ ഭാഗമായി ഫോഗിംഗ് നടത്തിയതിന് 715/-രൂപ ഉൾപ്പെടെ ആകെ 2145/-രൂപ നൽകിയിട്ടുണ്ട്. ഇപ്രകാരം 12.06.2020 തീയതിയിൽ അധികം നൽകിയത് – 1430/-രൂപ.

08.07.2020 തീയതിയിൽ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി 715/-രൂപ, ഫോഗിങ്ങ് നടത്തിയ വകയിൽ 715/-രൂപ ഉൾപ്പെടെ ആകെ 1430/-രൂപ നൽകിയിട്ടുണ്ട്. ആയതിനാൽ 08.07.2020 തീയതിയിൽ അധികം നൽകിയ തുക 715/-രൂപ.

18.07.20 തീയതിയിൽ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി 715/-രൂപ, ആലുവയിൽ നിന്നും കവർ എടുക്കുന്നതിനായി വാഹനം ഓടിയ വകയിൽ 715/-രൂപ ഉൾപ്പെടെ ആകെ 1430/-രൂപ നൽകിയിട്ടുണ്ട്. ആയതിനാൽ 18.07.2020 തീയതിയിൽ അധികം നൽകിയ തുക 715/-രൂപ. 25.01.20 തീയതിയിൽ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി 715/-രൂപ, ഫോഗിങ്ങ് നടത്തിയ വകയിൽ വാഹനം ഓടിച്ചതിന് 715/-രൂപ ഉൾപ്പെടെ ആകെ 1430/-രൂപ നൽകിയിട്ടുണ്ട്. 25.01.2020 തീയതിയിൽ ടി വ്യക്തിക്ക് അധികം നൽകിയ തുക 715/-രൂപ.

ഇപ്രകാരം 12.06.2020, 08.07.2020, 18.07.2020, 25.01.2020 എന്നീ തീയതികളിലായി പാലിയേറ്റീവ് കെയർ ഡ്രൈവർക്ക് 3575/-രൂപ അധികം നൽകിയിട്ടുണ്ട്.

ഇപ്രകാരം അധികം വേതനം നൽകിയതിന് വിശദീകരണം നൽകുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (9/29.12.21) മറുപടിയിൽ അധികം നൽകിയ വേതനം തിരികെ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അധികം നൽകിയ 3575/-രൂപ തിരികെ ഈടാക്കി പഞ്ചായത്തുഫണ്ടിൽ അടച്ച് രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | തൻവർഷം ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | 2020-21 ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 510000 | നെൽകൃഷി വികസനം | 510000 | 0 |
| | 2020-21 | 297092 | നെൽകൃഷി വികസനം | 297092 | 0 |
| | 2020-21 | 174803 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 174803 | 0 |
| | 2020-21 | 162347 | ഏഴിപ്രം കമ്മ്യൂണിറ്റി ഹാൾ പുനരുദ്ധാരണം | 162347 | 0 |
| | ആകെ | 1144242 | | 1144242 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 580000 | എസ് സി കോളനി സമഗ്ര വികസനം | 373333 | 206667 |
| | 2018-19 | 2315017 | എസ് സി കോളനി സമഗ്ര വികസനം | 276265 | 2038752 |
| | 2018-19 | 2100000 | എസ് സി കോളനി സമഗ്ര വികസനം | 1914558 | 185442 |
| | 2020-21 | 174802 | ഭിന്നശേഷി സ്കോളർഷിപ്പ് | 174802 | 0 |
| | 2020-21 | 98515 | മിൽക്ക് സബ്സിഡി | 98515 | 0 |
| | ആകെ | 5268334 | | 2837473 | 2430861 |

.

### 4-3 ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 22000175/ 29.6.20 | 300000 | 0 | 300000 |
| ആകെ | | | 300000 | | 300000 |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

### 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല. B5 ഷെഡ്യൂൾ പ്രകാരം വായ്പയിനത്തിൽ 30622 രൂപയുണ്ട്. പ്രസ്തുത തുക വായ്പ അക്കൗണ്ടിൽ ലഭ്യമായ പലിശയാണെന്ന് അറിയിച്ചു. ആയതും 2021- 22 ൽ ലഭ്യമായ പലിശയും ഉൾപ്പെടെ 2021-22 ൽ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടുണ്ട്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 14210437 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| പലിശ | 1050439 |
| ആകെ | 15260876 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 00 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 15260876 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| FD No. 7385/2,3 | 15260876 |
| ആകെ | 15260876 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2-2 | 2015-16 | അനുബന്ധം 5 | തൊഴിൽ നികുതി | തുക ഒടുക്കിയതായി അറിയിച്ചിട്ടുണ്ട്. |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 97950388.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 101027888.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 1791/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3575/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-1 | 1791/- | ജാനറ്റ് പോൾ ,സെക്രട്ടറി |
| 3-1 | 3575/- | ഡോ. അനീഷ് ബേബി, മെഡിക്കൽ ഓഫീസർ സി.എച്ച്.സി, കടയിരിപ്പ് |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 6853/-(ജി.എസ്.റ്റി) | അജയകുമാർ എ.വി. അസി. എഞ്ചിനീയർ |

| | | |
|---|---|---|
| 1-22 | 58696/-(ജി.എസ്.റ്റി) | അബ്ദുൾ ലത്തീഫ് അസി. സെക്രട്ടറി |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരംമേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജാനറ്റ് പോൾ , സെക്രട്ടറി | വിരമിച്ചു | അലിയാട്ടുകുടി വീട്, വേങ്ങൂർ (പി.ഒ) |
| അജയകുമാർ എ.വി , എ.ഇ ഐക്കരനാട് ഗ്രാമപഞ്ചായത്ത് | എ.ഇ, ഐക്കരനാട് ഗ്രാമപഞ്ചായത്ത് | ആല്ലംചുവട്ടിൽ വീട്, ഇരുമ്പനം(പി.ഒ) |
| ഡോ. അനീഷ് ബേബി, മെഡിക്കൽ ഓഫീസർ സി.എച്ച്.സി, കടയിരിപ്പ് | മെഡിക്കൽ ഓഫീസർ സി.എച്ച്.സി കടയിരിപ്പ് | ഫ്ലാറ്റ് നം.17/ ഫേസ് 2 സ്പൈസ് വില്ല കടയിരുപ്പ് (പി.ഒ) |
| അബ്ദുൾ ലത്തീഫ്, അസി. സെക്രട്ടറി | അസി. സെക്രട്ടറി ഐക്കരനാട് ഗ്രാമപഞ്ചായത്ത് | പരേറ്റിക്കുടി, അല്ലപ്ര, പെരുമ്പാവൂർ |

4-10 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

.

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|---|
| 2007-08, 08-09, 2010-11 | 3-1,3-2,3-5, 3-7 | കെ.എസ്.എ.ഇ.കെ.എം പി1/ 636(i)/2019/ 9.7.19 |
| 2009-10 | 3-4,3-6,3-9 | കെ.എസ്.എ.ഇ.കെ.എം പി1/636(i)/2019/ 9.7.19 |
| 2011-12 | 3-1, 3-3, 3-5(2),(3) | കെ.എസ്.എ.ഇ.കെ.എം പി1/636(i)/2019/ 9.7.19 |
| 2012-13& 13-14 | 2-1,2-2(1), 3-3(1), 3-2, 3-4, 3-5, 3-6, 3-8,3-9, 3-11, 3-13, 3-17, 3-19, 3-21, 3-22 | കെ.എസ്.എ.ഇ.കെ.എം പി1/234/2018/ 24.5.19 |
| 2014-15 | 3-2,3-3,3-6 | കെ.എസ്.എ.ഇ.കെ.എം പി1/235/2018/ 16.2.18 |
| 2015-16 | 2-2,3-1,3-2,3-6,3-8 | കെ.എസ്.എ.ഇ.കെ.എം പി1/236/2018/ 15.2.18 |
| 2016-17 | 2-5, 2-6, 2-7, 2-8(2), 3-1, 3-4, 3-5, 3-6, 3-8 | കെ.എസ്.എ.ഇ.കെ.എം പിജി/1071 /2020/ 24.11.20 |
| 2017-18 | 2-1, 2-2, 3-6, | കെ.എസ്.എ.ഇ.കെ.എം പിജി/1071/2020/ 24.11.20 |
| 2018-19 | 1-14, 1-16, 1-17, 1-19, 1-21, 1-22, 1-23, 1-24, 3-1 | കെ.എസ്.എ.ഇ.കെ.എം പി1/655/ 20/ 4.8.2020 |

| | | |
|---|---|---|
| 2019-20 | 1-1 മുതൽ 1-30 | കെ.എസ്.എ.ഇ.കെ.എം പി1/724/ 21/ 30.6.2021 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ ഐക്കരനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ഐക്കരനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്